# Malayala Manorma

# June 18 2018

# Kochi : Flood, Death ,



എസ്.ദീപ. (നെയ്യാറ്റിൻകര) | ഫാത്തിമ (കാഞ്ഞങ്ങാട്) | ഖദീജക്കുട്ടി (കോഴിക്കോട്) | അഹമ്മദ്കുട്ടി (കണ്ണൂർ) | രവീന്ദ്രൻ (കണ്ണൂർ) | ഗംഗാധരൻ (കണ്ണൂർ)

## കനത്ത കാറ്റും മഴയും; സംസ്ഥാനത്ത് 7 മരണം

കാലവർഷക്കെടുതികളിൽ നാലു വയസ്സുകാരി ഉൾപ്പെടെ ഏഴുപേർ മരിച്ചു; സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപക കൃഷിനാശം. ഇടുക്കി ജില്ലയിൽ അടിമാലിക്കു സമീപം ഉരുൾപൊട്ടലുണ്ടായെങ്കിലും ആളപായമില്ല. സംസ്ഥാനമെങ്ങും താറുമാറായ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കാൻ ബന്ധപ്പെട്ട എല്ലാ ജീവനക്കാരും ഇന്നു ജോലിക്കു ഹാജരാകണമെന്നു മന്ത്രി എം.എം.മണി നിർദേശം നൽകി. ആവശ്യമെങ്കിൽ കരാർ ജീവനക്കാരെയും നിയോഗിക്കാൻ നിർദേശമുണ്ട്.

കണ്ണൂർ, കാസർകോട് ജില്ലകളിൽ രണ്ടുപേർ വീതവും തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഓരോരുത്തരുമാണു മരിച്ചത്. ഇതിനു പുറമേ കർണാടകയിലെ കുടകിലും കണ്ണൂർ സ്വദേശി മരിച്ചു.

നെയ്യാറ്റിൻകര ആങ്കോട് ശ്രീദീപത്തിൽ ശ്രീകുമാരന്റെ ഭാര്യ എസ്.ദീപയും (45) കോഴിക്കോട് ചാലിയം കപ്പലങ്ങാടി പരേതനായ മരക്കാർകുട്ടിയുടെ ഭാര്യ ഖദീജക്കുട്ടിയും (60) തെങ്ങുകൾ കടപുഴകി വീണാണു മരിച്ചത്.

കണ്ണൂർ പാനൂർ ചെമ്പാട് മുത്താറിപ്പീടികയിൽ രവീന്ദ്രൻ (53) വീട്ടുപറമ്പിൽ മരം മുറിച്ചുമാറ്റുന്നതിനിടെ വെള്ളക്കെട്ടിൽ വീണാണു മരിച്ചത്. ജില്ലയിൽ തന്നെ ഏച്ചൂരിനടുത്ത് മാച്ചേരിയിൽ തലവിൽ പടിഞ്ഞാറേവീട്ടിൽ ഗംഗാധരൻ (62) നടന്നുപോകവേ മതിലിടിഞ്ഞുവീണു മരിച്ചു. കണ്ണൂർ കാഞ്ഞിരോട് പള്ളിക്കൽ അഹമ്മദ്കുട്ടി ഹാജി (67) കുടക് സിദ്ധാപുരത്തെ കാപ്പിത്തോട്ടത്തിൽ മരമൊടിഞ്ഞുവീണു മരിച്ചു.

കാസർകോട് പയസ്വിനി പുഴയിൽ ഒഴുക്കിൽപ്പെട്ടാണു ദേലംപാടി മണിയൂർ ചർളക്കൈയിലെ ചനിയപ്പ നായിക് (62) മരിച്ചത്. കാഞ്ഞങ്ങാട് കുശാൽനഗർ ഫാത്തിമ വില്ല ക്വാർട്ടേഴ്സിൽ മുഹമ്മദ് അൻസിഫിന്റെ മകൾ ഫാത്തിമ സൈനബ (നാല്) കളിക്കുന്നതിനിടെ വെള്ളക്കെട്ടിൽ വീണു മരിച്ചു.

അടിമാലി ആനച്ചാൽ ഓഡിറ്റ്-കുഞ്ചിത്തണ്ണി റോഡിൽ രണ്ടു മണിയോടടുത്താണ് ഉരുൾപൊട്ടിയത്. അര ഏക്കറോളം സ്ഥലം ഒലിച്ചുപോയി. ജില്ലയിൽ വിവിധ ഭാഗങ്ങളിലായി 42 വീടുകൾ ഭാഗികമായി തകർന്നു. ജലനിരപ്പുയർന്നതിനെ തുടർന്നു കല്ലാർകുട്ടി, ലോവർ പെരിയാർ അണക്കെട്ടുകളുടെ ഷട്ടറുകൾ ഉയർത്തി. ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 2323.46 അടിയായും മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 116.4 അടിയായും വർധിച്ചു. കനത്ത മഴയും കാറ്റും മൂലം മാട്ടുപ്പെട്ടിയിൽ ബോട്ടിങ് നിർത്തി.

കൊച്ചി ചെല്ലാനത്തു കടലാക്രമണത്തിൽ പത്തിലേറെ വീടുകളിൽ വെള്ളം കയറി. തൃശൂർ സ്വരാജ് റൗണ്ടിൽ കൂറ്റൻ മരച്ചില്ല റോഡിലേക്കു വീണു ഗതാഗതം തടസ്സപ്പെട്ടു.

ഗുരുവായൂർ ആനക്കോട്ടയിൽ ചുഴലിക്കാറ്റിൽ മരം കടപുഴകി വീണെങ്കിലും മദപ്പാടിൽ കെട്ടിയിരുന്ന കൊമ്പൻ വലിയ വിഷ്ണു അദ്ഭുതകരമായി രക്ഷപ്പെട്ടു.